**D2AML2401** **(2 Pages)** **Name............................**
**Reg.No..........................**

**SECOND SEMESTER M.A. DEGREE EXAMINATION, APRIL 2025**
**(Regular/Improvement/Supplementary)**

**MALAYALAM WITH JOURNALISM**
**FMAL2C05: ആധുനിക മലയാളഗദ്യം**

**Time: 3 Hours** **Maximum Weightage : 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. 'തള്ളയെ എനിക്കു കിട്ടിയില്ല, കുഞ്ഞിനെ എനിക്കു വേണം' ആശയവും സന്ദർഭവും വിശദമാക്കുക.
2. 'ഖാൻ ബഹദൂർ പൂക്കോയ തങ്ങൾ' എന്ന കഥാപാത്രത്തെ വിലയിരുത്തുക.
3. "ആന തന്ന അങ്ങുന്നിനുണ്ടോ തോട്ടി തരാൻ പ്രയാസം. എന്താ ചെയ്യാ നിങ്ങളെയൊക്കെ അങ്ങുന്ന് സ്നേഹിച്ചു പോയില്ലേ?" സന്ദർഭവും ആശയവും വ്യക്തമാക്കുക.
4. ചിത്രകലയുടെ മേന്മകളായി എം. പി. പോൾ കണ്ടെത്തുന്ന പ്രധാന കാര്യങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.
5. 'സ്വപ്നങ്ങൾക്കു ചിറകുകളുണ്ട്' എന്ന ആത്മകഥയിൽ റാബിയ തന്റെ ഗുരുവിനെക്കുറിച്ചു വിവരിക്കുന്നതങ്ങനെ ?
6. "നോക്കമ്മേ, എനിക്കിപ്പോ അമ്മയുടെ ഛായയില്ലേ" നെഞ്ചിലേക്ക് ആരോ നിറയൊഴിച്ചതുപോലെ അവൾക്കനുഭവപ്പെട്ടു. സന്ദർഭവും ആശയവും വിശദമാക്കുക.
7. 'കാഞ്ചന സീത'യിലെ രാമൻ ഒരു ശോകനാടകത്തിലെ നായകൻ മാത്രമാണ്'- വിലയിരുത്തുക.

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. 'നിസ്വാർത്ഥപ്രണയത്തിന് പ്രായമോ വലിപ്പചെറുപ്പങ്ങളോ ഇല്ലെന്ന് 'മോതിരം' എന്ന കഥയിലെ കഥാപാത്രങ്ങൾ തെളിയിക്കുന്നു'. വിശദമാക്കുക.
9. സമൂഹജീവിതത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ധനമോഹത്തെയും കരുത്തോടെ വിമർശിക്കാൻ 'ശാരദയ്ക്ക് 'കഴിയുന്നുണ്ട് – തെളിയിക്കുക.

(തുടർച്ച...2)

10. സാമൂഹിക പരിഷ്കരണത്തിന്റെ മാധ്യമം എന്ന നിലയിൽ കരുത്തു തെളിയിച്ച നാടകമാണ് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്. ' ചർച്ച ചെയ്യുക.
11. 'മേഘസന്ദേശ'ത്തിന്റെ ലക്ഷ്യമായി കുട്ടികൃഷ്ണമാരാർ കണ്ടെത്തുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ?
12. 'മാമ്പഴം' എന്ന കവിതയുടെ രചനാ പശ്ചാത്തലം വൈലോപ്പിള്ളി വിവരിക്കുന്നത് എങ്ങനെ?
13. ഒറ്റപ്പെടലിന്റെ വേദനയും ഭരണകൂടം ഉപകരണമാക്കുന്ന മനുഷ്യരുടെ നിലവിളിയും 'ശബ്ദങ്ങ'ളിൽ ദർശിക്കാം- വിലയിരുത്തുക.
14. പാശ്ചാത്യ കലയും പൗരസ്ത്യ കലയും തമ്മിൽ വ്യത്യസ്തമാകാനുള്ള കാരണങ്ങൾ കേസരി വിവരിക്കുന്നത് എങ്ങനെ ?

**(4 x 3= 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. പരിമിതികളെ ഊർജ്ജമാക്കി ജീവിതത്തിൽ എങ്ങനെ വിജയിച്ച് മുന്നേറാമെന്നതിന്റെ ഒരു ആത്മാഖ്യാനമാണ് 'സ്വപ്നങ്ങൾക്കു ചിറകുകളുണ്ട്' എന്ന ആത്മകഥ. വിലയിരുത്തുക.
16. ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' തലമുറകളുടെ ജീവിതം ആവിഷ്ക്കരിക്കുന്നതെങ്ങനെ? വിവരിക്കുക.
17. കേരള നവോത്ഥാനപ്രസ്ഥാനത്തിന് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ' നല്കിയ സംഭാവനകളെന്തെല്ലാം? വിവരിക്കുക.
18. മാരാരുടെ വിമർശന പദ്ധതിയുടെ പ്രത്യേകതകൾ 'മേഘസന്ദേശം' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

**(2 x 5= 10 വെയ്റ്റേജ്)**